സന്ദേശം

2020-ൽചമ്പക്കുളംബ്ലോക്ക്പഞ്ചായത്തിന്റെഭരണ സാരഥ്യം ഏറ്റെടുത്ത ഈ ഭരണ സമിതിയുടെ അഞ്ചാമത്തേയും അവസാനത്തേയും വാർഷിക ബജറ്റാണ്, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡൻറ് ശ്രീ. എം എസ് ശ്രീകാന്ത് ഇന്ന് ഈ സഭ മുന്പാകെ അവതരിപ്പിക്കുന്നത്.അധികാര വികേന്ദ്രീകരണത്തിലൂടെ നാടിന്റെ പുരോഗതി എന്ന പഞ്ചായത്ത് രാജ് തത്വത്തില് പ്രവർത്തിക്കുന്ന ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത്, കുട്ടനാടിൻ്റെ പരിസ്ഥിതിക പ്രാധാന്യം ഉൽക്കൊണ്ടുകൊണ്ടാണ് വിവിധ പദ്ധതികൾ നടപ്പിലാക്കികൊണ്ടിരിക്കുന്നത്. സാമൂഹികമായി പിന്നോക്കം നിന്നിരുന്ന ജനതയുടെ ഉന്നമനത്തിനായി, തൊഴിൽ മേഖലകള് സൃഷ്ടിച്ച് അതിലൂടെ വരുമാന സ്രോതസ്സ് കണ്ടെത്തി ജനങ്ങളുടെ, നാടിന്റ പുരോഗതിക്കായി ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് എല്ലാ വർഷവും നൂതന പദ്ധതികൾ ആസൂത്രണം ചെയ്ത നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഒരു കാലത്ത് സഞ്ചാര സൗകര്യങ്ങള് തീരെ കുറവായിരുന്ന കുട്ടനാടിന്റെ ഹൃദയഭൂമിയായ ചമ്പക്കുളത്ത്, നമ്മുടെ ഗ്രാമങ്ങളിലെ വിവിധ പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് വിസ്തൃതിയേറിയ റോഡ് ശൃംഖല സൃഷ്ടിക്കുന്നതിൽ ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് നാടിനുവേണ്ടി സമർപ്പിച്ച സേവനം ആത്മ നിർവൃതിയോടെ സ്മരിക്കുകയാണ്. പ്രകൃതി ക്ഷോഭങ്ങൾ ഉൾപ്പെടെയുള്ള നിരവധി പ്രതികൂല സാഹചര്യങ്ങൾ നേരിടേണ്ടി വന്നെങ്കിലും അതെല്ലാം കൂട്ടായ പ്രവർത്തനങ്ങളിലൂടെ അതിജീവിച്ച് മുൻബജറ്റുകളുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ പരമാവധി കൈവരിക്കുവാൻ ഈ ഭരണസമിതിയ്ക്ക് സാധിച്ചിട്ടുണ്ട്.

ഏതൊരു തദ്ദേശസ്ഥാപനത്തിൻ്റേയും പോലെ, വരും വർഷങ്ങളിലേക്കുള്ള ബ്ലോക്കു പഞ്ചായത്തിൻ്റെ വികസനം ലക്ഷ്യമാക്കിയുള്ള ധനകാര്യ പ്രവൃത്തികളുടെ ഒരു കർമ്മ പദ്ധതിയാണ് ഈ ബജറ്റ് വിഭാവനം ചെയ്യുന്നത്. കാർഷികമേഖലയില് വികസനോന്മുഖമായ പ്രവർത്തികള് ഏറ്റെടുത്തു നടപ്പാക്കിയും, തൊഴിലവസരങ്ങൾ സൃഷ്ടിച്ച്, അതിലൂടെ വരുമാന മാർഗ്ഗം കണ്ടെത്തിജീവിതസൌകര്യങ്ങൾമെച്ചപ്പെടുത്തുന്നതിനും, നൂതനസംവിധാനങ്ങളിലൂടെ മാലിന്യനിർമ്മാർജ്ജനംചെയ്തും, വനിതാ സ്വയം സഹായ സംഘങ്ങൾക്ക് തൊഴിൽസംരംഭങ്ങള് തുടങ്ങുന്നതിനു സഹായം നൽകിയും, നമ്മുടെബ്ലോക്ക് പഞ്ചായത്ത് മാതൃകാ പരമായജനസേവനം കാഴ്ച വെച്ചു കൊണ്ടിരിക്കുകയാണ്. ത്രിതല പഞ്ചായത്തുകളുടെ സഹകരണത്താടെ, സമസ്തമേഖലകളിലും പുരോഗതി കൈവരിക്കുന്നതിനായി, ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തനം കൂടുതല് കാര്യക്ഷമമാക്കുവാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു. 2025-26 വർഷത്തില് നടപ്പാക്കുന്നതിനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ള ഈ ബഡ്ജറ്റ്, നമുക്ക് ലഭ്യമായിട്ടുള്ള വിഭവ സ്രോതസ്സുകൾക്കുള്ളില് നിന്നുകൊണ്ട്, പാരമ്പര്യവും നൂതനവുമായ കാഴ്ചപ്പാടുകൾ ഉൾക്കൊള്ളുന്നതാണ്.പുരോഗതിക്കായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ പുറമേ വരുമാന മാർഗ്ഗങ്ങള് സൃഷ്ടിച്ച് വിഭവ സമാഹരണങ്ങളും ഈ ബജറ്റ് ലക്ഷ്യംവെക്കുന്നു.നാടിന്റെ പുരോഗതി ലക്ഷ്യം വെച്ച് നമ്മൾ തയ്യാറാക്കിയിട്ടുള്ള ഈ ആസൂത്രണ രേഖ ജനകീയമാകട്ടെ എന്ന് ആശംസിക്കുന്നു.

(ഒപ്പ്)

ശ്രീമതി. ജിൻസി ജോളി
പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്
ചമ്പക്കുളം.

ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത്

തെക്കേക്കരപി ഒ –688503
ഫോൺ: 0477 2702294

ബജറ്റ് 2025-26

15-03-2025

ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത്

വാർഷിക ബജറ്റ് 2025-26

ദൈവത്തിൻ്റെ സ്വന്തം നാട് എന്ന വിശേഷണമുള്ള, നമ്മുടെ കേരള സംസ്ഥാനത്തിനെ അന്നമൂട്ടുന്നതിൽ, നെല്ലറ എന്ന പേരിൽ കേൾവികേട്ട, കുട്ടനാടിനെ ഉൾക്കൊള്ളുന്ന ബ്ലോക്കു പഞ്ചായത്താണ് ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത്. പ്രകൃതിയാൽ അനുഗ്രഹീതമായ നമ്മുടെ പ്രദേശത്തിനെ, പ്രകൃതിയുടെ മികവിനേയും ശാസ്ത്രത്തിൻ്റെ മികവിനേയും കോർത്തിണക്കി വികസന കുതിപ്പിൻ്റെ പാതയിലൂടെ നമ്മുടെ ബ്ലോക്കു പഞ്ചയത്തിനെ നയിച്ചു കൊണ്ടിരിക്കുയാണ് ഈ ഭരണസമിതി. കരവിരുതു കൊണ്ടും, കാർഷിക അഭിവൃദ്ധികൊണ്ടും ലോകത്തിലെ വൻസാമ്പത്തിക ശകതിയായി വളർന്നുകൊണ്ടിരിക്കുന്ന, ഇന്ത്യാ മാഹരാജ്യത്തിൻ്റെ ഉന്നതിയ്ക്കായി നമ്മുടെ കുട്ടനാട് ദേശം കാർഷിക മുന്നേറ്റത്താൽ രാജ്യത്തിനു കരുത്തേകിക്കൊണ്ടിരിക്കുന്നു. നമ്മുടെ രാജ്യം, സമസ്ത മേഖലകളിലും പുരോഗതിയിലേക്ക് കുതിച്ചുക്കൊണ്ടിരിക്കുന്ന ഈ കാല ഘട്ടത്തിൽ, ചമ്പക്കുളം ബ്ലോക്കു പഞ്ചായത്ത്, കുട്ടനാടിൻ്റെ പാരിസ്ഥിതിക പ്രാധാന്യം ഉൾകൊണ്ടുകൊണ്ടാണ് വിവിധങ്ങളായ

പദ്ധതികൾ ഉൾക്കൊള്ളിച്ച കൊണ്ട്, സമ്പൂർണ പുരോഗതി എന്ന ലക്ഷ്യത്തോടെ 2025-26 വർഷത്തിലെ ധനകാര്യ ബജറ്റ് തയാറാക്കിയിട്ടുള്ളത്.

ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്തിൽ അധിവസിക്കുന്ന ജനതയുടെ പുരോഗതിയ്ക്കായി നമ്മോടൊപ്പം ക്രിയാത്മകകായി പ്രയത്നിച്ച കൊണ്ടിരിക്കുന്ന നിസ്വാർഥ സേവന തൽപ്പരരായ എല്ലാ ജനപ്രതികളുടേയും സേവന സഹായ സഹകരണങ്ങളെ നന്ദിപൂർവ്വം ഈ അവസരത്തിൽ സ്മരിച്ച കൊള്ളുന്നു.2024-2025 വർഷത്തില് നമ്മുടെ ബ്ലോക്ക് പഞ്ചായത്തിന്റെ പുരോഗതിക്കായി, പ്രാദേശിക വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച, ബഹുമാനപ്പെട്ട പാർലമെന്റ് അംഗമായ ശ്രീ.കൊടിക്കുന്നിൽ സുരേഷ് എം.പി. അവർകളോടും, എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച്, ഈ ദേശത്തിന്റെ പുരോഗതിക്കായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ.തോമസ്.കെ.തോമസ് അവർകളോടും, ഈ പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന ജില്ലാ പഞ്ചായത്ത് അംഗങ്ങളോടും, ബ്ലോക്ക് പഞ്ചായത്ത് ഉൾക്കൊള്ളുന്ന 6 പഞ്ചായത്തുകളിലേയും ഗ്രാമ പഞ്ചായത്ത് അംഗങ്ങളോടും, വാർഷിക പദ്ധതികള് ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും സഹായിച്ചുകൊണ്ടിരിക്കുന്ന ആസുത്രണ സമിതി അംഗങ്ങളോടും, എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥന്മാരോടും, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളോടും , കുടുംബശ്രീ അംഗങ്ങളോടും,

പാലിയേറ്റീവ് കെയർ അംഗങ്ങളോടും, ഹരിതകർമ്മസേന അംഗങ്ങളോടും മറ്റ് ഉദ്യോഗസ്ഥരോടും ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയ്ക്ക് അതിയായ കടപ്പാടുണ്ട്.

ഇന്ത്യയിലെ മറ്റു പ്രദേശങ്ങളിൽനിന്നും വ്യത്യസ്തമായി, ഈർപ്പമുള്ളതും, ഫലഭ്രയിഷ്ടമായതുമായ എക്കൽമണ്ണു നിറഞ്ഞതും, ജലശ്രോതസ്സുകളാൽ സമൃദ്ധവുമായ ഭ്രപ്രകൃതിയാണ് നമ്മുടെത്. ഈ ഭ്രപ്രകൃതി വിഭവങ്ങൾ കൃഷിയ്ക്ക് ഏറ്റവും അനുയോജ്യമാകയാൽ, നമ്മുടെ ദേശത്ത് അധിവസിക്കുന്നവരിൽ ഭ്രരിഭാഗവും കൃഷിയെ ആശ്രയിച്ച് ഉപജീവന മാർഗ്ഗം കണ്ടെത്തുന്നവരാണ്. ആകയാൽചമ്പക്കുളം ബ്ലോക്കു പഞ്ചായത്ത് ഈ വർഷവും കാർഷിക മേഖലയ്ക്ക് പ്രാധാന്യം നൽകിയാണ് 2025-26 വർഷത്തിലെ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്തിന്റെ തനത് സാമ്പത്തിക ലഭ്യതയെ ആശ്രയിച്ചുകൊണ്ടും, കൂടാതെഎല്ലാവർഷവും ബ്ലോക്കു പഞ്ചായത്തിനു ലഭ്യമായിക്കൊണ്ടിരിക്കുന്ന കേന്ദ്ര-സംസ്ഥാന ഫണ്ടുകളുടെ വിഹിതത്തേ മുൻകൂട്ടി നിശ്ചയിച്ചുകൊണ്ടുമാണ് 2025-26 വർഷത്തിലെ ബജറ്റ് തയാറാക്കിയിട്ടുള്ളത്. ചമ്പക്കുളം ബ്ലോക്ക് പഞ്ചയത്തിനു അടുത്ത സാമ്പത്തിക വർഷത്തിൽ ലഭിക്കുന്ന വിവിധ ഫണ്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ.നം	ഇന വിവരം	അനുവദിക്കുന്ന തുക
1	വികസന ഫണ്ട് (ജനറൽ)	2,53,46,000/-
2	വികസന ഫണ്ട് (എസ് .സി .പി)	1,06,26,000/-
3	ജനറൽ പർപ്പസ് ഫണ്ട്	88,67,000/-

4	വികസന ഫണ്ട്(റോഡിതരം)	1,24,43,000/-
5	ധനകാര്യകമ്മീഷൻ (അടിസ്ഥാന ഗ്രാൻറ്)	36,03,000/-
6	ധനകാര്യകമ്മീഷൻ (പ്രത്യേക ഉദ്ദേശ്യ ഗ്രാൻറ്)	54,05,000/-
7	ഹെൽത്ത് ഗ്രാൻ്റ്	42,17,000/-

മേൽ പരാമർശിച്ച ഫണ്ടുകൾ വിനിയോഗിച്ചു കൊണ്ടാണ്, 2025-26 സാമ്പത്തിക വർഷത്തിൽ ചമ്പക്കുളം ബ്ലോക്കു പഞ്ചായത്ത് വിവിധ ജനക്ഷേമ പദ്ധതികൾ നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുള്ളത്. വിവിധ മേഖലകൾക്കായി നീക്കിവച്ചിട്ടുള്ള ധനവിനിയോഗ വിവരങ്ങൾ ഇതിനാൽ ഏവരേയും അറിയിച്ചു കൊള്ളുന്നു.

1. കാർഷിക അഭിവൃദ്ധിയ്ക്കായി ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്തിൻ്റെ കരുതൽ :-

കുട്ടനാടിൻ്റെ ഭാഗമായ ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് ഏറ്റവും കൂടുതൽ പ്രാധാന്യം നൽകിയിട്ടുള്ളതെൽകൃഷിയ്ക്കാണ്. കുട്ടനാടൻ പാടശേഖരങ്ങളിൽ കൃഷി ചെയ്യുന്നവരിൽ ഭൂരിഭാഗവും ചെറുകിട കർഷകരാണ്. ആകയാൽ, കൃഷിയ്ക്കാവശ്യമായ ജലസേചന പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഈ കർഷകർക്ക് സാധിക്കാറില്ല. നമ്മുടെ കർഷകർക്ക് ജലസേചന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിൻ്റെ ഭാഗമായി, ബ്ലോക്ക് പഞ്ചായത്ത് 2025-26 വർഷത്തിൽ മൂന്നു പാടശേഖരങ്ങൾക്കായി പെട്ടിയും പറയും നൽകുന്നതിനായി 15,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 2025-26 വർഷത്തിലെ പദ്ധതി ആസൂത്രണത്തിനായി കൂടിയ വർക്കിങ്ങ് ഗ്രൂപ്പിൻ്റെ നിർദേശം ഉൾക്കൊണ്ടുകൊണ്ട്, പാടശേഖരങ്ങളുടെ പുറം ബണ്ട് ബലപ്പെടുത്തി വീതി കൂട്ടി ഉയരം വർദ്ധിപ്പിക്കുന്നതിനായി രുക വകയിരുത്തിയിട്ടുണ്ട്.

2. മൃഗ സംരക്ഷണവും ക്ഷീരവികസനവും :-

കൃഷി എന്ന പോലെ കുട്ടനാടൻ ജനത മൃഗസംരക്ഷണത്തിലൂടെയും ക്ഷീരവികസനത്തിലൂടെയും ഉപജീവന മാർഗ്ഗം കണ്ടെത്തുന്നവരാണ്. കൃഷിയിടങ്ങൾ ധാരാളം ഉള്ള നമ്മുടെ ദേശത്ത്, ആദായകരമായി മൃഗങ്ങളെ പരിപാലിക്കുന്നത് ഏറെ സൗകര്യപ്രദമാണ്. ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള മങ്കൊമ്പു വെറ്റിറിനറി പോളിക്ലിനിക്കിനു മരുന്നു വാങ്ങുന്നതിനും, ബയോമെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനം ചെയ്യുന്നതിനും, ഓഫീസ് സൗകര്യം മെച്ചപ്പെടുത്തുന്നതിനും, Computer, Laptop മറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ആകെ 4,67,000/- ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ക്ഷീര കർഷകർക്ക് പാലുല്പാദക സഹകരണ സംഘം വഴി സബ്സിഡിയോടു കൂടി കാലിതീറ്റ വിതരണം ചെയ്യുന്നതിനും, മിനി എലിവേറ്റഡ് കാറ്റിൽ ഷെഡ് നിർമ്മിക്കുന്നതിനുധനസഹായം നൽകുന്നതിനും, വൈക്കോൽ-പച്ചപുല്ല് വിതരണം, കന്നുകാലികളുടെ ആരോഗ്യ സംരക്ഷണത്തിനുമായി ആകെ 40,00,000/-രൂപ വകയിരുത്തിയിട്ടുണ്ട്.

3. ശുദ്ധ ജലക്ഷാമം പരിഹരിക്കുന്നതിനു ബ്ലോക്കു പഞ്ചായത്തിൻ്റെ കൈത്താങ്ങ് :

നാട്ടിലെമ്പാടും അറിവുള്ള പോലെ കുട്ടനാടൻ പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. പല തലങ്ങളിലൂടെ വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടും കുട്ടനാട്ടിലെ കുടിവെള്ള ക്ഷാമത്തിനു പരിഹാരമായിട്ടില്ല. ഈ പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളതും, ആയതിന് പ്രകാരം ഭൂജല വകുപ്പ് മുഖാന്തിരം ജലസർവേ നടത്തി, ശുദ്ധജലം ലഭിക്കാൻ സാധ്യതയുള്ള സ്ഥലം കണ്ടെത്തി ട്യൂബ് വെല്ലുകള് സ്ഥാപിച്ച് ലഭിക്കുന്ന ജലം അവിടെത്തന്നെ ശുദ്ധീകരിക്കുന്നതിനായി പ്ലാൻറുകള് സ്ഥാപിക്കുന്നതിനും, കൂടാതെ ശുദ്ധജലം ലഭ്യമായ സ്ഥലത്തുനിന്നും ഭൂമിക്കടിയിലൂടെ പൈപ്പുകൾ സ്ഥാപിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിനും ബ്ലോക്ക് പഞ്ചായത്ത് ശ്രമം നടത്തി കൊണ്ടിരിക്കുന്നു . ഈ പദ്ധതികൾക്കുള്ള ചെലവിലേക്കായി 27,02,500/-രൂപ ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട് .

4. ഗ്രാമീണ വ്യവസായങ്ങൾക്ക് ധനസഹായവും സ്വയം തൊഴിൽ ഉൽപ്പന്നങ്ങൾക്ക് വിപണന മാർഗ്ഗം കണ്ടെത്തലും: -

ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് 2025-26 വർഷത്തിൽ പ്രാധാന്യം നൽകുന്ന മറ്റൊരു മേഖലയാണ്ഗ്രാമീണ വ്യവസായം. ഗ്രാമനിവാസികളുടെ പരമ്പരാഗത തൊഴിൽ മുഖാന്തിരം സൃഷ്ടിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ വിപണനത്തിനും പ്രചരണത്തിനും പ്രത്യേകം തുക ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പാരമ്പര്യ കരവിരുതുകൊണ്ട് മുള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും, തനതായ ഗ്രാമീണ ശൈലിയിൽ കരകൗശല ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും, ധനസഹായം നൽകുന്നതിനും ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. നമ്മുടെ ദേശത്ത് സ്വയം തൊഴിൽ സംരംഭങ്ങൾ ധാരാളം ഉണ്ടെങ്കിലും, ഈ സംരഭങ്ങളുടെ ഉൽപ്പന്നങ്ങൾക്കു വിപണന മാർഗ്ഗങ്ങൾ തീരെ കുറവാണ്. ഈ മേഖലയെ ആശ്രയിച്ചു തൊഴിൽ ചെയ്യുന്നവർക്ക് വിപണന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും, ഉൽപ്പെന്നങ്ങളുടെ പ്രചാരണത്തിനുമായി ആകെ 11,66,632/- രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

5. വിദ്യാഭ്യാസവും തുടർ സാക്ഷരതാ വിദ്യാഭ്യാസവും : -

കാർഷിക മേഖലയെ കൂടുതൽ ആശ്രയിക്കുന്ന പ്രദേശമാകയാൽ, വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനായി, വരും വർഷംഅംഗൻ വാടി മുതൽ ഹയർ സെക്കൻഡറി തലം വരെയുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിനായി വിവിധ തരത്തിലുള്ള പദ്ധതികൾ ബ്ലോക്ക് പഞ്ചായത്ത് ആസൂത്രണം ചെയ്തിട്ടുണ്ട്.

നിലവിലുള്ള സ്കൂൾ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും, സ്കൂളുകളിലേക്കുള്ള വഴികൾ സഞ്ചാര യോഗ്യമാക്കുന്നതിനും, കെട്ടിടമില്ലാത്ത അംഗൻ വാടികൾക്ക്സ്ഥലം എറ്റെടുത്ത്, കെട്ടിടം നിർമ്മിക്കുന്നതിനുമായി 15,00,000/- രൂപ വകയിരുത്തിയും, ബ്ലോക്ക് പഞ്ചായത്ത് 2025-26 വർഷത്തിൽ വിദ്യാഭ്യാസ മേഖലയുടെ മൊത്തത്തിലുള്ള പുരോഗതിയ്ക്കായി ആകെ 72,00,000/- രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതു കൂടാതെ സാക്ഷരത - തുടർ വിദ്യാഭ്യാസ പ്രവർത്തങ്ങൾക്കായി 2,75,000/- രൂപ പ്രത്യേകം വകയിരുത്തിയിട്ടുണ്ട്.

6. കലാ- കായിക - സംസ്കാരവും യുവജനക്ഷേമവും : -

വള്ളം കളികൾ പോലുള്ള കായിക വിനോദങ്ങൾക്ക് കേൾവികേട്ട നമ്മുടെ നാട്ടിൽ മറ്റ് കായിക വിനോദങ്ങൾക്ക് പരിഗണന നൽകിക്കൊണ്ട് , ഈ മേഖലയുടെ പ്രോത്സാഹനത്തിനു പ്രത്യേകം തുക വകയിരുത്തിയിട്ടുണ്ട്. യുവജന ക്ഷേമത്തിനും, കലാ -കായിക-സാംസ്കാരിക വികസനത്തിനുമായി, 2,50,000/- രൂപ ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

7. ആരോഗ്യ മേഖലയ്ക്കുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ കരുതൽ: -

ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2025-26 വർഷത്തിലെ വാർഷിക ബജറ്റിൽ ഏറ്റവും കൂടുതൽ തുക വകയിരുത്തിയിട്ടുള്ളത് ആരോഗ്യ പരിപാലനത്തിനാണ്. ചമ്പക്കുളം ബ്ലോക്കു പഞ്ചായത്തിന്റെ കീഴിൽ മൂന്നു സമൂഹ്യാരോഗ്യ കേന്ദ്രങ്ങളാണ് നിലവിലുള്ളത്. എടത്വ, ചെമ്മുംപുറം, ചമ്പക്കുളം സി എച്ച് സി - കൾക്ക് , ലാബ് റീ ഏജന്റ് -മരുന്ന് എന്നിവ വാങ്ങുന്നതിനും, മാലിന്യ നിർമ്മാർജ്ജനത്തിനും, ദൈനം ദിന ചെലവുകൾക്കും, ബയോ മെഡിക്കൽ വേസ്റ്റ് ഡിസ്പോസലിനുംപ്രത്യേകം തുക വകയിരുത്തിയിട്ടുണ്ട്. എടത്വ സി എച് സി - യ്ക്ക് കംമ്പ്യൂട്ടർ, പ്രിന്റർ, ഫർണീച്ചർ എന്നിവ വാങ്ങുന്നതിനും, സി സി റ്റി വി സ്ഥാപിക്കുന്നതിനും, ഫാർമസിയുടെ വൈറ്റിങ്ങ് ഏരിയ നിർമ്മാണത്തിനും തുക വയിരുത്തിയിട്ടുണ്ട്.

ചെമ്മുംപുറം സി എച്ച് സി - യിൽ ചുറ്റമതിലും ഗേറ്റും പണിയുന്നതിനും, പ്രത്യേകം ഗൈനക്ക് റൂം നിർമ്മിക്കുന്നതിനും, പുളിക്കൽ കാവ് മുതൽ ആശുപത്രിവരെ റോഡ് നിർമ്മിക്കുന്നതിനും ഈ ബജറ്റിൽ തുക വകയിരിത്തിയിട്ടുണ്ട്.

ചമ്പക്കുളം സി എച് സി - യിൽ ഈവനിങ്ങ് ഡോക്ടർ, ഫാർമസിസ്റ്റ്, ഫിസിയോതെറാപ്പിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നിവരെ നിയമിച്ച് ഇവർക്കുള്ള വേതനം ബ്ലോക്കു പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും നൽകുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്.ചമ്പക്കുളം സി എച്ച് സി യെ മെഡിക്കൽ ഹബ്ബായി ഉയർത്തി,

മെച്ചപ്പെട്ട സേവനം പൊതുജനങ്ങൾക്കു ലഭിക്കുന്നതിനായി,ബ്ലോക്ക് പഞ്ചായത്തിനു അനുവദിച്ചിട്ടുള്ള ഹെൽത്ത് ഗ്രാന്റ് തുകയായ, 42,17,000/- രൂപ വിനിയോഗിച്ചു കൊണ്ട് ,ചമ്പക്കുളം സി എച സി - യിൽ രോഗനിർണയം മെച്ചപ്പെടുത്തുവാൻ ആധുനിക സൗകര്യങ്ങളോടുകൂടി High Tech Lab സ്ഥാപിക്കുന്നതിനും ഈ ബജറ്റിൽ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. ഇവ കൂടാതെ, നമ്മുടെ സി എച്ച് സി - കളിലെ ഖരമാലിന്യ സംസ്കരണത്തിനും തുക വകയിരുത്തിയിട്ടുണ്ട്. ഇപ്രകാരം വരും വർഷത്തിലെ ബജറ്റിൽ, ആരോഗ്യ മേഖലയുടെ സംരക്ഷണത്തിനും പുരോഗതിയ്ക്കുമായി, ആകെ 1,26,91,022/- രൂപ വകയിരുത്തിയിട്ടുണ്ട്.

8. എല്ലാവർക്കും വീട് എന്ന ബ്ലോക്കു പഞ്ചായത്തിന്റെ ലക്ഷ്യം : -

ഒരു കുടുംബത്തിന്റെ സ്വപ്നമാണ് സ്വന്തമായി ഒരു വീട് നിർമ്മിച്ച് അതിൽ അധിവസിക്കുക എന്നുള്ളത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതും, സ്വന്തമായി ഒരു വീട് നിർമ്മിക്കുവാൻ സാമ്പത്തികശേഷി ഇല്ലാത്തതുമായ നിരവധി കുടുംബങ്ങൾ നമ്മുടെ നാട്ടിലുണ്ട്. ടി ജനതയുടെ വീട് എന്ന സ്വപനത്തെ സാക്ഷാൽക്കരിക്കുന്നതിനായി, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ ഭവനനിർമ്മാണ പദ്ധതികൾ ബ്ലോക്കു പഞ്ചായത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. പട്ടിക ജാതി വിഭാഗക്കാരുടെ ഭവന നിർമ്മാണം ഉൾപ്പെടെ, പാർപ്പിട നിർമ്മാണ മേഖലയ്ക്കായി 2025-26 സാമ്പത്തിക വർഷത്തിൽ ആകെ 2,22,00,000/- രൂപ ബ്ലോക്കു പഞ്ചായത്ത് വകയിരുത്തിയിട്ടുണ്ട്.

9. സാമൂഹിക ക്ഷേമം:-

സാമൂഹികമായും, സമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ജനതയാണ് പട്ടിക ജാതി വിഭാഗം. ഒരു കാലത്ത് ജാതി വിവേചനം കൊണ്ട് പിന്നോക്കാവസ്ഥയിൽ ജീവിക്കേണ്ടിവന്നിരുന്ന ഈ വിഭാഗത്തിൻ്റെ ഉന്നമനത്തിനായി, പല പദ്ധതികളും ബ്ലോക്ക് പഞ്ചായത്ത് ആവിഷകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ടി വിഭാഗത്തിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായവും, സ്കോളർഷിപ്പും, കൂടാതെ പഠന മുറികൾ പ്രത്യേകം നിർമ്മിച്ച നൽകിജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനു ബ്ലോക്കു പഞ്ചായത്ത് സഹായം നൽകിയിട്ടുണ്ട്. ഈ ജനതയുടെ പുരോഗതിക്കും, മറ്റു പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനും, ഭിന്നശേഷി വിഭാഗത്തിൻ്റെ ക്ഷേമത്തിനുമായി, അടുത്ത വർഷം ആകെ 19,00,000/- രൂപ പ്രത്യേകം വകയിരുത്തിയിട്ടുണ്ട്. കൂടാതെ എല്ലാ വിഭാഗങ്ങളിലേയും, കുട്ടികൾക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിനു 15,00,000/- രൂപയും ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

വനിതകളുടെ ക്ഷേമത്തിനും-സ്വയം പര്യാപ്തതയ്ക്കും, അവരുടെ സാമ്പത്തിക സ്ഥിരതയ്ക്കുമായി പ്രത്യേക വനിതാ ഘടക പദ്ധതിയിൽ സംരംഭങ്ങൾ തുടങ്ങുന്നതിനു ധനസാഹയമായി, 4,00,000/- രൂപ ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ഗതാഗത മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിനു, പ്രത്യേകിച്ച് റോഡ് നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി 5,00,000/- രൂപ ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ആധുനിക ലോകത്തിന്റെ പുരോഗതിയുടെ മേന്മയെ അപചയപ്പെടുത്തുന്ന ഒരു പ്രവണത ഇന്നത്തെ യുവ തലമറയിൽ ഒരു വിഭാഗം അവലംബിക്കുന്നതായി കണ്ടുവരുന്നു. ഈ വിഭാഗം സമൂഹത്തിനു വിപത്തായി മാറിയിട്ടുള്ള മദ്യം-മയക്കു മരുന്നുകൾക്ക് അടിമകളായി മാറിയിട്ടുണ്ട്. ഇവരുടെ ചെയ്തികളാൽ, നാട്ടിൽ അക്രമവും, മയക്കുമരുന്നു ഉപയോഗവും വിപണനവും വർദ്ധിച്ചു വരുന്നുണ്ട്. ഈ പ്രവണത നിർമ്മാർജ്ജനം ചെയ്തു കൊണ്ടു, വഴി തെറ്റിയ യുവതലമുറയെ ജീവിതത്തിന്റെ മുഖ്യധാരയിലേയ്ക്കു കൊണ്ടു വരുന്നതിനായുള്ള ബ്ലോക്കു പഞ്ചായത്തിന്റെ ഇടപെടലിന്റെ ഭാഗമായി, മദ്യം-മയക്കു മരുന്നുകൾക്കെതിരെ ബോധവൽക്കരണങ്ങൾക്കും, പ്രതിരോധ മാർഗ്ഗങ്ങൾക്കുമായി 2,00,000/- രൂപ ഈ ബജറ്റിൽ വകയിരുത്തുന്നു.

10. കമ്പ്യൂട്ടർ വൽക്കരണം സേവനം മെച്ചപ്പെടുത്തൽ :-

ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്തിനു എട്ടു വകുപ്പുകളിലായി 12 ഘടക സ്ഥപനങ്ങളുണ്ട്. ഈ സ്ഥാപനങ്ങളീൽ സേവനങ്ങൾക്കായി വരുന്ന പൊതുജനങ്ങൾക്ക്, അവരുടെ ആവശ്യങ്ങൾ വേഗത്തിൽ നിറവേറ്റുന്നതിനു, ആധുനിക ജീവതത്തിൻ്റെ ഭാഗമായ കമ്പ്യൂട്ടർ വൽക്കരണം അനിവാര്യമാണ്. പൊതുജന സേവനം എളുപ്പത്തിലാക്കുന്നതിനും, മെച്ചപ്പെടുത്തുന്നതിനുമായി, കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ സാധന സാമഗ്രികളും വാങ്ങുന്നതിനുമായി ഈ ബജറ്റിൽ ആകെ, 22, 25,000/- രൂപ നീക്കി വച്ചിട്ടുണ്ട്.

11. വൈദ്യുതീകരണവും തെരുവു വിളക്ക് സ്ഥാപിക്കലും :-

ബ്ലോക്കു പഞ്ചായത്ത് ഓഫീസും, ഘടക സ്ഥപനങ്ങളും വൈദ്യുതീകരിക്കുന്നതിനും, ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകളിലെ പ്രധാന ജംങ്ക്ഷനുകളീലും, മറ്റ് പൊതു സ്ഥലങ്ങളിലും തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനും അടുത്ത സാമ്പത്തിക വർഷത്തിലേക്കയി 50,03,000/-രൂപ വകയിരുത്തിയിട്ടുണ്ട്.

12. ചെറുകിട വ്യവസായങ്ങളുടെ പ്രോൽസാഹനം :-

ചെറുകിടവ്യവസായ സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനും സ്വയം തൊഴിൽ സംരംഭങ്ങൾക്ക്സഹായം നൽകുന്നതിനുമായി പ്രത്യേക പരിഗണന

ഈ ബജറ്റിൽ നൽകിയിട്ടുണ്ട്. ആധുനിക കാലത്തിലെ Start up വ്യവസായങ്ങൾക്ക് പ്രോൽസാഹനങ്ങൾ നൽകുന്നതിനായി പ്രത്യേകം തുക വകയിരുത്തിയിട്ടുണ്ട്. നമ്മുടെ ഗ്രാമങ്ങളിൽ പലതരത്തിലുള്ള ചെറുകിടസംരംഭങ്ങൾ ഉണ്ടെങ്കിലും, വിപണന പ്രോൽസാഹനം ലഭിക്കാത്തതിനാൽ, ചെറുകിടസംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വലിയ മാർക്കറ്റുകളീൽ എത്തുന്നില്ല.ആയതിനാൽ നമ്മുടെ പ്രദേശത്തെ ചെറുകിടസംരംഭങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനും പുതിയ വിപണന മേഖല കണ്ടെത്തുന്നതിനുമായി, 2025-26 സാമ്പത്തിക വർഷത്തിൽ ആകെ 41,33,334/-രൂപ വകയിരുത്തിയിട്ടുണ്ട്.

13. മാലിന്യ പരിപാലനവും പൊതു ശുചിത്വവും: -

"എൻ്റെ മാലിന്യം,എൻ്റെ ഉത്തരവാദിത്വം" എന്ന തത്വത്തെ മുൻ നിർത്തിക്കൊണ്ട്, മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള പദ്ധതികളാണ് ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ ലക്ഷ്യത്തിൻ്റെ ആദ്യപടി എന്ന നിലയിൽ സ്കൂൾ കുട്ടികളിൽ മാലിന്യ നിർമ്മാർജ്ജനത്തെ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനു ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയും, ഖരമാലിന്യ സംഭരണ ശാലകൾ നിർമ്മിച്ചും, ശുചിത്വ ബോധം ജനങ്ങളിൽ പ്രചരിപ്പിച്ചും മാലിന്യ സംസ്കരണം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ ബ്ലോക്ക് പഞ്ചായത്ത് അടുത്ത സാമ്പത്തികവർഷത്തിൽ, ഖരമാലിന്യസംസ്കരണത്തിനായി 7,00,000/- രൂപയും, ദ്രവമാലിന്യ സംസ്കരണത്തിനും - പൊതുശുചിത്വത്തിനുമായി 22,02,500/- രൂപ ബ്ലോക്ക് പഞ്ചായത്ത് വകയിരുത്തിയിട്ടിട്ടുണ്ട്.

14. തൊഴിലുറപ്പു പദ്ധതിയും ബ്ലോക്കു പഞ്ചായത്തിൻ്റെ ആസൂത്രണ മികവും :-

നമ്മുടെ ഗ്രാമീണ ജനതയുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനു വേണ്ടി തൊഴിൽ അവസരങ്ങൾ കണ്ടെത്തി വരുമാന സ്രോതസ്സ് സൃഷ്ടിക്കുന്നതിനായി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. തികച്ചും ഗ്രാമപ്രദേശമായ നമ്മുടെ നാടിന്, ഈ പദ്ധതിയിലൂടെ ജനതയുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. 6 പഞ്ചായത്തുകള് ഉൾക്കൊള്ളുന്ന നമ്മുടെ ബ്ലോക്ക് പഞ്ചായത്തിൻ്റെ മേൽനോട്ടത്തില് , ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ തൊഴിലുറപ്പ് പദ്ധതി വളരെ മെച്ചപ്പെട്ട രീതിയിൽ നമ്മുടെ നാട്ടിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്തില് 2023-24 സാമ്പത്തിക വർഷത്തില് ആകെ7,46,217 തൊഴിൽദിനങ്ങള് തൊഴിലുറപ്പ് പദ്ധതിയിലൂടെ സൃഷ്ടിച്ചിരുന്നു . കൂടാതെ 2633കുടുംബങ്ങൾക്ക് 100 ലധികം തൊഴിൽ ദിനങ്ങള് നൽകി.100 ലധികം തൊഴിൽ ദിനങ്ങള് ലഭ്യമായ കുടുംബങ്ങൾക്ക് ഉത്സവബത്തയായി കഴിഞ്ഞ ഓണനാളില് ഒരാൾക്ക് 1000/- രൂപ വീതം ആകെ 26,33,000/- രൂപ ബ്ലോക്ക്

പഞ്ചായത്ത് വിതരണം ചെയ്തിട്ടുണ്ട് .2025-26 സാമ്പത്തിക വർഷത്തില് 8,53,063 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനു ലക്ഷ്യമിടുന്നു. ഇതോടൊപ്പം 52,33,26,240/- രൂപ പ്രോജക്ട് ഫണ്ട് ഇനത്തില് ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.ടി ഫണ്ട് പൂർണമായും ചെലവഴിക്കുന്നതിനുള്ള പദ്ധതികൾ ബ്ലോക്ക് പഞ്ചായത്ത് തലത്തില് ആസൂത്രണം ചെയ്തിട്ടുണ്ട്.

ജനക്ഷേമകരമായ പ്രവൃത്തികൾക്കും പശ്ചാത്തല വികസനത്തിനുമായി നിരവധി പദ്ധതികളാസൂത്രണം ചെയ്ത്, ലഭ്യമായ വിഭവശ്രോതസ്സുകൾ കൊണ്ട് ഇവ നടപ്പിലാക്കുന്നതിനായി, 71,89,11,853/-രൂപ വരവും, 71,84,84,779/- രൂപ ചെലവും, 4,27,074/- രൂപ നീക്കി ബാക്കിയും പ്രതീക്ഷിക്കുന്ന 2025-26 വർഷത്തിലെ ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്തിൻ്റെ ധനകാര്യ ബജറ്റ് ഏവരുടേയും നിർദ്ദേശങ്ങൾക്കും ചർച്ചയ്ക്കും, ഒപ്പം ഈ ജനപ്രതിനിധി സഭയുടെ അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

(ഒപ്പ്)

എം.എസ് .ശ്രീകാന്ത്
വൈസ് പ്രസിഡൻറ് &ചെയർമാന്
ധനകാര്യ സ്റ്റാൻറിംഗ് കമ്മറ്റി